പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6317 11.07.2012-ലെ മറുപടിക്ക്

**എച്ച്.എസ്.എ. (മലയാളം) തസ്തിക കൊല്ലം ജില്ലയിലെ കണക്ക്**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ. എ.കെ. ബാലൻ** | | **ശ്രീ.** ഉമ്മൻ ചാണ്ടി (ബഹു. മുഖ്യ മന്ത്രി) | |
| എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന എച്ച്.എസ്.എ (മലയാളം) തസ്തികയിലേക്ക് നിയമിക്കുന്നതിന് കൊല്ലം ജില്ലയിൽ പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; | എ) | ഇല്ല |
| ബി) | ബൈട്രാൻസ്ഫർ മുഖേന അവസാനമായി കൊല്ലം ജില്ലയിൽ അപേക്ഷ ക്ഷണിച്ചതും നിയമനം നടത്തിയതും എന്നാണെന്ന് വ്യക്തമാക്കുമോ; | ബി) | കൊല്ലം ജില്ലയിലേക്ക് എച്ച്.എസ്.എ(മലയാളം) ബൈട്രാൻസ്ഫർ നിയമനത്തിലേക്കായി 12-06-2007 ലെ ഗസറ്റ് വിജ്ഞാപന പ്രകാരം കാറ്റഗറി നം. 198/07 ആയി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിശ്ചിത യോഗ്യതയുള്ള ആരെയും ടി വിജ്ഞാപന പ്രകാരം ലഭ്യമായില്ല. |
| സി) | പ്രസ്തുത തസ്തികയിലേക്ക് ബൈട്രാൻസ്ഫർ മുഖേന നിയമനത്തിനായി 2011 ൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവിലേക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; അപേക്ഷ ക്ഷണിച്ചുവെങ്കിൽ നോട്ടിഫിക്കേഷൻ നമ്പരും തീയതിയും വ്യക്തമാക്കുമോ ; | സി) | 27-10-2011 ൽ പ്രസ്തുത തസ്തികയിലേക്ക് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഒരൊഴിവ് (ഒന്ന്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവ് നേരിട്ടുള്ള നിയമനത്തിന്റെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തിയതിനാൽ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |

| | | |
|---|---|---|
| ഡി) | ഈ ഒഴിവ് മറ്റ് ഏതെങ്കിലും ലിസ്റ്റിൽ നിന്നും നികത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലിസ്റ്റിന്റെ പേരും നിയമന അഡ്വൈസ് തീയതിയും നൽകുമോ; | ഡി) ഉണ്ട്. കാറ്റഗറി നം. 197/07 ആയി വിജ്ഞാപനം ചെയ്ത എച്ച്.എസ്.എ(മലയാളം) തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായി 27-01-2011 ൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ നിന്നും 29-12-2011 ൽ ടി ഒഴിവിലേക്ക് നിയമന ശുപാർശ നടത്തിയിട്ടുണ്ട്. |
| ഇ) | സർക്കാർ ഉത്തരവ് പ്രകാരം ഒരു നിശ്ചിത ശതമാനം ബൈട്രാൻസ്ഫർ നിയമനത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവ് നേരിട്ടുള്ള നിയമന റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കാൻ പി.എസ്.സിക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ തെറ്റായ നിയമനം ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ അത് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; നിയമാനുസൃതം പുതിയവ അപേക്ഷ ക്ഷണിച്ച് നിയമനം നടത്തുമോ; | ഇ) തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി നീക്കിവെച്ചിട്ടുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന്റെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്താവുന്നതാണ് എന്ന് ജി.ഒ(എം.എസ്) 438 / 70 / S Edn, dated 20-10-70 പ്രകാരം ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് പി.എസ്.സി. ടി ഒഴിവുകളിലേക്ക് നേരിട്ടുള്ള നിയമനത്തിന്റെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ നടത്തുന്നത്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| എഫ്) | ഇത് സംബന്ധിച്ച് പി.എസ്.സി. യ്ക്കോ സർക്കാരിനോ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | എഫ്) ബൈട്രാൻസ്ഫർ ഒഴിവുകൾ ഡയറക്ട് നിയമനത്തിന്റെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നത് സംബന്ധിച്ച് ധാരാളം പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തസ്തികമാറ്റ നിയമനത്തിനായി വാർഷിക വിജ്ഞാപനം പുറപ്പെടുവിക്കാൻ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

6317

GOVERNMENT OF KERALA

ABSTRACT. 287

Education Department - Appointment of Clerks and Typists as Graduate Assistants - Orders Issued.

---

SCHOOL EDUCATION (C) DEPARTMENT

G.O.MS. 438/70/S.Edn. Trivandrum, dated: 20-10-1970.

---

READ:- G.O. Rt. 23/64/Edn. dated 3-1-1964.
2. From the Director of Public Instrn. letter No.L.Dis. 32658/69/A1 dated 27--8--1969.
3. From the Secretary, K.P.S.C. letter No.AII(3)39485/ dated 5--8--70.

ORDER

In the G.O. cited, Government have ordered that the U.D. Clerks or L.D.Clerks in the Education Department who have put in not less than 5 years of service as Clerks and who have the B.Ed. qualification may apply to the Public Service Commission if they wish to be appointed as graduate Assistants Grade II and that they may be appointed to these posts by transfer if they are found to be suitable.

The All Kerala Typists and Stenographers Association have represented that the benefit of the above orders may be extended to the Typists of the Education Department who possess the same qualification and service.

Government have considered the matter in all its aspects in consultation with the Director of Public Instruction and the Public Service Commission. They are pleased to order that the U.D. Clerks/U.D.Typists and L.D.Clerks/L.D.Typists in the Education Department who have put in not less than 5 years of service as Clerks/Typists and who have the B.Ed. qualification may apply to the Public Service Commission if they wish to be appointed as Graduate Assistants (Lower Grade) and that they may be appointed to these posts by transfer if they are found to be suitable. The appointments will be according to subject requirements in each District. Further, the vacancies to be set apart for the transfer of Clerks/Typists will be limited to 10% of the vacancies in each subject in each Revenue District. If sufficient number of candidate are not available in any subject, the vacancies thus remaining will be filled up by direct recruitment.

The G.O. 1st cited will stand modified to the above extent.

(BY ORDER OF THE GOVERNOR)
P.K.UMASHANKAR
Secretary to Government.

Endorsement on AII(3)-39485/69 dt.19-11-1970.

Copy communicated to RII(c) Section for information.
Copy filed in the Stock file.

For SECRETARY,
PUBLIC SERVICE COMMISSION.

SECTION OFFICER.